(സി) ഉണ്ട്.

(ഡി) MSE-CDP പദ്ധതി പ്രകാരം തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം ഫുഡ് പ്രോസസിങ്, ആയുർവേദ ഉല്പന്നങ്ങൾ, ഫർണിച്ചർ, പാക്കേജിങ് വ്യവസായങ്ങൾ, ജനറൽ എഞ്ചിനീയറിങ് എന്നീ വ്യവസായ പദ്ധതികൾക്കാണ് വരവൂർ വ്യവസായ പാർക്കിൽ സ്ഥലം അനുവദിക്കുന്നത്.

(ഇ&എഫ്) കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ആണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാലുടൻ തന്നെ പദ്ധതി നടപ്പിലാക്കി തുടങ്ങും.

വ്യവസായ മേഖലയിലെ കേന്ദ്ര നിക്ഷേപം

267 (616) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം നേടിയെടുക്കുന്നതിൽ ഈ സർക്കാരിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തിനർഹമായതും, ആവശ്യമായ തരത്തിലുള്ളതുമായ വിഹിതം നേടിയെടുക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ ; ഇല്ലങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ നൽകുന്ന കേന്ദ്രനിക്ഷേപത്തിന്റെ തോതിനനുസരിച്ച് ഇവിടയും കേന്ദ്രനിക്ഷേപം ലഭ്യമായിട്ടുണ്ടോയെന്ന് അറിയാമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. എന്നാൽ സംസ്ഥാനത്തിന് ലഭിക്കുന്ന കേന്ദ്ര നിക്ഷേപ വിഹിതം ഇതര സംസ്ഥാനങ്ങളുടെ വിഹിതവുമായി താരതമ്യം ചെയ്യുകയോ വിശകലനം നടത്തുകയോ ചെയ്തിട്ടില്ല. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപണ വിപുലീകരണം, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, നവീനമായ സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly